## കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോട്ടയം ജില്ല - പാലാ നഗരസഭ - 2018-2019 വർഷ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.34 - തടസ്സപ്പെടുത്തിയ തുക - സാധൂകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

സ.ഉ (സാധാ)നം.607/2022/തസ്വഭവ. തിരുവനന്തപുരം, തീയതി.14/03/2022

---

പരാമർശം:- 1. 05/06/2021-തീയതിയിലെ നഗരകാര്യ ഡയറക്ടറുടെ എഫ്2-20432/2020 നമ്പർ കത്ത്.

2. 15/12/2021-ലെ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ഡി.കെ.എസ്.എ/1826/എം എൽ 2/21 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.34 പ്രകാരം 5,39,403/-രൂപ( അഞ്ച് ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി നാനൂറ്റി മൂന്ന് രൂപ മാത്രം) ഓഡിറ്റ് വകുപ്പ് തടസ്സപ്പെടുത്തിയിരുന്നു. പാലാ നഗരസഭയുടെ 2018-19 വാർഷിക പദ്ധതിയിൽ വകയിരുത്തിയ 5,50,000 രൂപയിൽ 5,39,403/- രൂപ ( അഞ്ച് ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി നാനൂറ്റി മൂന്ന് രൂപ മാത്രം) സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള അഗതിമന്ദിരത്തിലെ അന്തേവാസികൾക്ക് ഭക്ഷണം നൽകുന്നതിന് ചെലവഴിച്ചിരുന്നു. സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരമില്ലാത്ത സ്ഥാപനത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ പദ്ധതി തുക ചെലവഴിച്ചതിനാണ് ഓഡിറ്റ് പരാമർശമുണ്ടായത്. യാചക പുനരധിവാസത്തിനായി നഗരസഭ എത്തിക്കുന്ന അന്തേവാസികളുടെ പരിചരണവും മറ്റ് കാര്യങ്ങളും സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള ട്രസ്റ്റ് നഗരസഭയുമായുള്ള കരാറിന്റെ അടിസ്ഥാനത്തിൽ സൗജന്യമായി നടത്തി വരുന്നുവെന്നും ടി പദ്ധതിയ്ക്ക് നഗരസഭയിൽ നിന്നുള്ള ഒരു ജീവനക്കാരനും നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടറും മേൽനോട്ടം നൽകിയിരുന്നു എന്നും യാചകർക്കുള്ള ഭക്ഷണം മരുന്ന് എന്നിവയ്ക്കാണ് തുക വിനിയോഗിച്ചതെന്നും, യാചകരെ പുനരധിവസിപ്പിക്കുന്നത് ക്ഷേമപദ്ധതിയായതിനാലും നഗരസഭ ഏറ്റെടുത്ത് നടത്തുന്ന ജീവകാരുണ്യപ്രവർത്തിയായതിനാലും ടി പ്രവൃത്തിയ്ക്കായി ചെലവഴിക്കേണ്ടിവന്ന മേൽ തുകയ്ക്ക് സർക്കാർ സാധൂകരണം നൽകണമെന്നും നഗരകാര്യ ഡയറക്ടർ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

നഗരസഭയിൽ അലഞ്ഞുതിരിഞ്ഞ് നടന്ന യാചകരെ പുനരധിവസിപ്പിക്കൽ ക്ഷേമപദ്ധതിയായതിനാലും നഗരസഭ ഏറ്റെടുത്ത് നടത്തുന്ന ജീവകാരുണ്യ പ്രവൃത്തിയായതിനാലും ഒഴിവാക്കാനാവാത്ത പ്രവൃത്തിയായിരുന്നു എന്ന നഗരസഭാ കൗൺസിലിന്റെ 03/11/2020-തീയതിയിലെ ലെ 3-ാം നമ്പർ അനുകൂലതീരുമാനം, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം 1-ാം പട്ടികയിൽ അംഗഭംഗം വന്നവർ അഗതികൾ മുതലായവരുടെ ക്ഷേമത്തിനായി സ്ഥാപനങ്ങൾ നടത്താമെന്നും അത് നഗരസഭയുടെ അനിവാര്യ ചുമതലയിൽപെട്ട കാര്യമായതിനാലും മേൽ ഖണ്ഡികയിന്മേലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സാധൂകരണം നല്കുന്ന വിഷയത്തിൽ എതിരഭിപ്രായമില്ലെന്നും യുക്തമായ തീരുമാനം സർക്കാർ തലത്തിൽ സ്വീകരിക്കാവുന്നതാണെന്ന് പരാമർശം(2) പ്രകാരം ഓഡിറ്റ് ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക ചെലവഴിച്ചത് തികച്ചും ഒഴിവാക്കാനാവാത്ത ജീവകാരുണ്യപ്രവൃത്തിയ്ക്കായിരുന്നുവെന്ന വസ്തുത കണക്കിലെടുത്തും നഗരകാര്യ ഡയറക്ടറുടെ അനുകൂല റിപ്പോർട്ട്, നഗരസഭാ കൗൺസിലിന്റെ അനുകൂല തീരുമാനം ഓഡിറ്റ് ഡയറക്ടറുടെ അഭിപ്രായം എന്നിവ പരിഗണിച്ച് യാചക പുനരധിവാസ കേന്ദ്രത്തിന് സാമൂഹ്യനീതി വകുപ്പിന്റെ അംഗീകാരം വാങ്ങിയിരിക്കണമെന്ന നിബന്ധനയോടെ കോട്ടയം ജില്ലയിലെ പാലാ നഗരസഭയുടെ 2018-2019 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1.34 പ്രകാരം തടസ്സപ്പെടുത്തിയ 5,39,403/-രൂപയ്ക്ക് ( അഞ്ച് ലക്ഷത്തി മുപ്പത്തിഒൻപതിനായിരത്തി നാന്നൂറ്റി മൂന്ന് രൂപ മാത്രം) സാധൂകരണം നല്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
രജി രാജേന്ദ്രൻ
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഓഡിറ്റ് ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ് തിരുവനന്തപുരം
സെക്രട്ടറി, പാലാ നഗരസഭ കോട്ടയം ജില്ല
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ